പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 505 — 11.12.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. യിലെ താൽക്കാലിക ജീവനക്കാരുടെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യിൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തയ്യാറാക്കിയ ലിസ്റ്റിൽ അനർഹരായവർ കടന്നു കൂടിയതിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി) യും | ഇത്തരം പരാതി ലഭിച്ചതിനെ തുടർന്ന് കെ.എസ്.ആർ.ടി.സി. യുടെ വിജിലൻസ് ഓഫീസർ ഉൾപ്പടെ ഒരു ഉന്നത സമിതി ലിസ്റ്റ് പുനഃ പരിശോധിച്ചു വരികയാണ്. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | അനർഹരെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കി അർഹരായവരെ സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിക്കും |
| (ഡി) | സ്ഥിരപ്പെടുത്താൻ അർഹരായവർ എത്രയാണെന്നും നിയമന മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ? | (ഡി) | ഇനി ഏകദേശം 500 പേരോളം യോഗ്യരായിട്ടുണ്ട്. 21.12.2011 -ൽ 10 വർഷം ഡ്യൂട്ടി പൂർത്തീകരിക്കുകയും, 22.12.2011 -ൽ സജീവമായി സർവ്വീസിൽ ഉണ്ടായിരിക്കുകയും തുടർന്നും ജോലിയിലുണ്ടായിരിക്കുകയുമാണ് സ്ഥിരപ്പെടുത്താനുള്ള മാനദണ്ഡമായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ